"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- നഗരകാര്യം - തളിപ്പറമ്പ് നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സന്ധ്യാ പ്രസാദിന്റെ ഭർത്താവിന്റെ ചികിത്സാചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1449/2023/LSGD  തീയതി,തിരുവനന്തപുരം, 15-07-2023

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.06.2023 തീയതിയിലെ LSGD/PD/25895/2023-DEG2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തളിപ്പറമ്പ് നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സന്ധ്യാ പ്രസാദിന്റെ ഭർത്താവിന്റെ ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് കണ്ണൂർ എ.കെ.ജി. മെമ്മോറിയൽ കോ ഓപ്പറേറ്റീവ് ആശുപത്രിയിൽ ചിലവായ തുക റീ ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിനുള്ള ടിയാളുടെ അപേക്ഷയിൽ അർഹമായ തുക അനുവദിച്ച് ഉത്തരവാകുന്നതിനായി അപേക്ഷയും അനുബന്ധരേഖകളും പരാമർശം കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം തളിപ്പറമ്പ് നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സന്ധ്യാ പ്രസാദിന്റെ ഭർത്താവിന്റെ ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് കണ്ണൂർ എ.കെ.ജി. മെമ്മോറിയൽ കോ ഓപ്പറേറ്റീവ് ആശുപത്രിയിൽ ചിലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് സാക്ഷ്യപ്പെടുത്തിയ തുകയുടെ (1,37,067/-രൂപ) 80% തുകയായ 1,09,654/-രൂപ (ഒരു ലക്ഷത്തി ഒൻപതിനായിരത്തി അറുന്നൂറ്റി അൻപത്തി നാല് രൂപ മാത്രം) ടിയാൾക്ക് റീ ഇമ്പേഴ്സ്മെന്റായി നഗരസഭയുടെ തനതുഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, തളിപ്പറമ്പ് നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീമതി. സന്ധ്യാ പ്രസാദ്, എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ, തളിപ്പറമ്പ് നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 15-07-2023 11:31:23

സെക്ഷൻ ഓഫീസർ